പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹാജി):

(എ) റസ്റ്റു ഹൗസുകളും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ സാമ്പത്തികശേഷിക്കു വിധേയമായി പുതിയ റസ്റ്റുഹൗസുകളും പണിയുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുക്കാറുണ്ട്.

(ബി) ചില റസ്റ്റു ഹൗസുകളിൽ വേണ്ടത്ര സ്ഥലസൗകര്യമില്ലായെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി, ഡി.) ഇങ്ങനെ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

കൺസ്ട്രക്ഷൻ കോർപ്പറേഷൻ

* 188. (710) ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്തു പണികളും ഏറെറടുത്തു നടത്തുന്നതിന് പൊതുമേഖലയിൽ ഒരു കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിക്കാൻ ഗവൺമെന്റു ഉദ്ദേശിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹാജി):

ഈ കാര്യം പരിഗണനയിലിരിക്കുകയാണ്.

55 വയസ്സിനുശേഷം നിയമനം നൽകപ്പെട്ട ഉദ്യോഗസ്ഥർ

* 189. (711) ശ്രീ. പി. കെ. കുഞ്ഞച്ചൻ:
,, വി. ശ്രീധരൻ:
,, പി. ജി. പുരുഷോത്തമൻപിള്ള:
,, ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റു അധികാരത്തിൽ വന്നതിനുശേഷം 55 വയസ്സും അതിനുമുകളിലും പ്രായമുള്ള ആരെയെങ്കിലും സംസ്ഥാന സർവ്വീസിൽ നിയമിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ഭാഷാനിയമ കമ്മീഷൻ, ട്രാൻസ്പോർട്ടു വകുപ്പു എന്നീ ഡിപ്പാർട്ടുമെൻറുകളിൽ 55 വയസ്സിൽ കൂടുതലുള്ള ആരെയൊക്കെ നിയമിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ)(ബി) ഉണ്ട്. സെക്രട്ടറിയററിൽ ശ്രീ.കെ.സി.രാമകൃഷ്ണപിള്ള റിട്ടയാർഡ് ജായിൻറ് സെക്രട്ടറിയെ സ്പെഷ്യലാഫീസറായിനിയമിച്ചിട്ടുണ്ട്, മററു ഡിപ്പാർട്ടുമെൻറുകളിലെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly